## നിയമനവും പിരിച്ചുവിടലും നിയമവിരുദ്ധം: പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കേണ്ട

### മദ്ധ്യപ്രദേശ് ഹൈക്കോടതി

W.P. No. 15334/2011 Dt. 11.2.2020

ദുരോധൻ
x
മൗലാന ആസാദ് കോളേജ് ഓഫ്
ടെക്നോളജി

കോളേജിലെ കൃഷി വിഭാഗത്തിൽ ദിവസക്കൂലിക്കാരനായി 1991–ലാണ് തൊഴിലാളി നിയമിതനായത്. തൊഴിലാളിയെ നിയമിച്ചത് നിയമന ചട്ടങ്ങളോ നിയമാവലിയോ പാലിക്കാതെയായിരുന്നു. 1996–ൽ മേനേജ്മെന്റ് അയാളെ റിട്രഞ്ച് ചെയ്തു. റിട്രഞ്ച് ചെയ്യുമ്പോൾ നല്കേണ്ട നഷ്ടപരിഹാരം മേനേജ്മെന്റ് നല്കിയില്ല. ഇതിനെതിരെ തൊഴിലാളി ലേബർ കോടതിയിൽ പരാതി നല്കി. അഞ്ച് വർഷം തുടർച്ചയായി ജോലി ചെയ്തിട്ടുണ്ടെന്നും നഷ്ടപരിഹാരം നല്കാതെ റിട്രഞ്ച് ചെയ്തത് നിയമവിരുദ്ധമാണെന്നും തന്നെ തിരിച്ചെടുക്കാൻ നിർദ്ദേശം നല്കേണ്ടതാണെന്നും തൊഴിലാളി വാദിച്ചു. റിട്രഞ്ച്മെന്റ് നിയമവിരുദ്ധമാണെന്ന് വിലയിരുത്തിയ ലേബർ കോടതി തൊഴിലാളിയെ തിരിച്ചെടുക്കേണ്ടെന്നും പകരം പതിനായിരം രൂപ നഷ്ടപരിഹാരം നല്കിയാൽ മതിയെന്നും വിധിച്ചു. ഇതിൽ തൃപ്തനാകാത്ത തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പിരിച്ചുവിട്ടത് നിയമ വിരുദ്ധമാണെന്ന് വിലയിരുത്തിയതിനു ശേഷം തിരിച്ചെടുക്കേണ്ടെന്ന് വിധിച്ചത് അന്യായമാണെന്നും തനിക്ക് അഞ്ച് വർഷത്തെ സേവന കാലമുണ്ടെന്നും തൊഴിലാളി വാദിച്ചു. കോൺട്രാക്ടർ മുഖേന ദിവസക്കൂലിക്കാരനായാണ് തൊഴിലാളിയെ ജോലിക്ക് നിയോഗിച്ചതെന്നും ഏതെങ്കിലും ഒഴിവുള്ള തസ്തികയിലേക്കല്ല അയാളെ നിയമിച്ചതെന്നും അയാൾക്ക് നിയമന കത്ത് നില്കിയിട്ടില്ലെന്നും ആരംഭത്തിൽ തന്നെ അയാളുടെ നിയമനം ചട്ടവിരുദ്ധമായിരുന്നുവെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. നിയമാനുസൃതമല്ലാത്ത രീതിയിൽ ജോലിയിൽ പ്രവേശിച്ചയാളെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കാനാവില്ലെന്ന് മേനേജ്മെന്റ് വാദിച്ചു. നിയമനവും പിരിച്ചുവിടലും നിയമാനുസൃതമല്ലാത്തതിനാൽ നഷ്ടപരിഹാരം നല്കിയാൽ മതിയെന്ന് ലേബർ കോടതി വിധിച്ചതിൽ തെറ്റില്ലെന്നു കണ്ട ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.